ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/11685/റ്റി സി/2007

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 18.05.2013

സർക്കുലർ നം. 08 /2013

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* — വാഹനങ്ങളുടെ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് — സംബന്ധിച്ച്

സൂചന :-
1. 25.01.2011-ലെ ജി.ഒ(പി) നം. 3/2011/ ട്രാൻസ് എന്ന സർക്കാർ ഉത്തരവ്
2. 18.02.2011-ലെ സർക്കുലർ നം. 6/2011.

സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവിലേയ്ക്കും സർക്കുലറിലേയ്ക്കും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട് കേരള മോട്ടോർ വെഹിക്കിൾ റൂളിലെ ചട്ടം 95. സൂചന ഒന്ന് പ്രകാരം സർക്കാർ പരിഷ്ക്കരിക്കുകയുണ്ടായി. ഇത്തരത്തിൽ നമ്പർ ബുക്ക് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സൂചന രണ്ട് പ്രകാരം നൽകിയിരുന്നു. എന്നാൽ ഭേദഗതി ചെയ്ത ചട്ടം 95-ലേയും സർക്കുലർ 6/2011 —ലേയും നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാതെയാണ് പല ഓഫീസുകളിലും നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്തു വരുന്നത്. ഇത് ധാരാളം പരാതികൾക്കും കാരണമാകുകയും വകുപ്പിന്റെ പ്രതിച്ഛായയ്ക്ക് കളങ്കമേൽപ്പിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ നമ്പർ റിസർവേഷനുമായി ബന്ധപ്പെട്ട് സൂചന 2 പ്രകാരം നൽകിയ സർക്കുലർ 6/2011 ഇതിനാൽ റദ്ദു ചെയ്യുകയും പകരം താഴെ പറയുന്ന നിർദ്ദേശങ്ങൾ 01.06.2013 മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.

1. ഓരോ ആഴ്ചയിലും ആദ്യത്തെ പ്രവൃത്തി ദിവസം തന്നെ ആ ആഴ്ചയിലെ റേഞ്ച് നോട്ടീസ് ബോർഡിലും ടച്ച് സ്ക്രീനിലും പ്രദർശിപ്പിക്കേണ്ടതാണ്.
2. വാഹന ഡീലറും വാഹന ഉപഭോക്താവും ഒരേ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ അധികാര പരിധിക്കുള്ളിൽ ആണെങ്കിൽ നമ്പർ ബുക്ക് ചെയ്യുന്നതിന് വേണ്ടി വാഹനത്തിന് ടെമ്പററി രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്. നമ്പർ ബുക്ക് ചെയ്യുമ്പോൾ റൂൾ 95-ൽ പ്രതിപാദിക്കുന്ന വിധം ടെമ്പററി രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പ് അഡ്രസ്സ് പ്രൂഫിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ക്രമനമ്പർ 6 വരെ പൂരിപ്പിച്ച് Form RFRMA, ടാക്സ് ടോക്കന്റെ പകർപ്പ്, സീൽഡ് കവർ എന്നിവകൂടി സമർപ്പിക്കേണ്ടതാണ്.